# സെക്യൂലം

## ഡിജിറ്റൽ മാഗസിൻ

**ST. GEORGE H.S.S PUTHENPALLY**

**ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയത്**

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
UNIT NO KL/2018/25101

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

എമ്മിൽ ജോൺസൺ

സബ് എഡിറ്റർ
അഭിനവ് ആൻറണി
ശ്രീനിവേദ്
സിറിൽ സാബു

കോർഡിനേറ്റർ

ജിൽ പോൾ ഏ.പി

പുഷ്പ യൂദാതദേവൂസ്

## ഇതളുകൾ


1. ആശംസകൾ
2. അവതാരിക
3. വിദ്യാലയം ചരിത്ര താളുകളിലൂടെ
4. പ്രകൃതിയുടെ മനോഹാരിത

5 .പഴഞ്ചൊല്ലുകൾ

6. മഴ
7. ഞാനൊരു പൊൻമമാൻ
8. _കുറുക്കൻ
9. ഞാനും അന്നും
10. അമ്മ
11. മിന്നാമിനുങ്ങും തത്തമ്മയും
12. മരം

16. നന്ദി

## ആശംസ

കാലത്തിനൊപ്പം മാറി വരുന്ന ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് മനോഹരമായ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുവാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സാധിച്ചിട്ടുണ്ട് .ഈ  സംരംഭംത്തിന് എല്ലാവിധ ആശംസകളും നേരുന്നു

**ജെസി ജോസഫ്**
പ്രധാനാധ്യാപിക

**ആശംസ**

വിദ്യാർത്ഥികളുടെ സർവ്വതോൻമുഖമായ കഴിവുകൾ  കണ്ടെത്തി പരിപോക്ഷിപ്പിക്കുവാൻ അവസരമെരുകിയ അണിയറ ശില്പികളെ അദിനന്ദികുന്നു .എല്ലാവിധ ആശംസകളും നേരുന്നു

**മാനേജർ**
റവ.ഫാ.പോൾ  മാടശ്ശേരി

# അവതാരിക

വിദ്യാഭ്യാസം ബുദ്ധിയുടെ മൂർച്ചയും വിജ്ഞാനത്തിന്റ സബാദ്യവും കഴിവുകളുടെ വികസനവും,സാമ്മാർഗ്ഗിക മൂല്യങ്ങളുടെ പ്രചോദനവുമാണ്. കഴിവുകൾ വികസിപ്പിക്കുന്നതിന് എഴുത്തും വായനയും അനിവാര്യമാണ് വദ്യർത്തികളിലുള കഴിവൂകളെ പ്രോത്സാഹിപ്പിക്കാൻ രേഖകൾക്ക് സാധിക്കും.

പ്രിയ കുട്ടികളെ നിങ്ങളുടെ ഹൃദയത്തുടിപ്പുകൾക്ക് എല്ലാവിധ ആശംസകളും അദിനന്ദനങ്ങളും നേർന്നുകൊളുന്നു.

സോഫി .വി.ഡേവിഡ്
(അധ്യാപിക)

## വിദ്യാലയം ചരിത്രതളുകളിലൂടെ




വിശുദ്ധ ചാവറപിതാവിന്റെ
പാദസ്പർശതത്താൽ ഉപരിപ്ലവമായ സെന്റ് ജോർജ് ദേവസ്വത്തിന്റെ തിരുമുറ്റത്ത് 20 നൂറ്റാണ്ടിന്റെ ഒന്നാം പാദത്തിലാണ് സെന്റ് ജോർജ് സ്കൂൾ രൂപംകൊണ്ടത്.

റവ.ഫാദർ കുര്യാക്കോസ് പണികാരന്റെ പരിശ്രമഫലമായി 1916-17ൽ ഇവിടെ ഒരു ലോവർ പ്രൈമറി സ്കൂൾ ആരംഭിച്ചു. 1979ൽ ഹൈസ്കൂളാവുകയും 2014ൽ ഹയർസെക്കന്ററി ആയി ഉയരുകയും ചെയ്തു .സെന്റ് ജോർജ് ദേവാലയതിലെ ബഹുമാനപ്പെട്ടവികാരിയാണ് കാലാകാലങ്ങളിൽ വിദ്യാലയത്തിന്റെ മാനേജർ സ്ഥാനം കാര്യക്ഷമമമായി നിർവഹിച്ചു പോന്നിരുന്നത്.

പാഠ്യ-പാഠ്യതര പ്രവർത്തനങ്ങളിലും സാമൂഹ്യബോധത്തിലും അച്ചടകത്തിലും വരാപ്പുഴ പ്രദേശത്ത് തിലകക്കുറിയിയി ഈ വിദ്യാലയം തിളങ്ങുന്നു

## പ്രകൃതിയുടെ മനോഹാരിത

ഹാ! എത്ര സുന്ദരമായ പ്രകൃതി
ഹാ! എത്ര മനോഹരമീ പ്രകൃതി
പച്ചപ്പട്ടുസാരിയുടുത്ത്
ചുവന്നറോസാപ്പുചുണ്ടുമായി
തെളിനീരുപോലുള്ള മജ്ജുവുമായി
ലാവണ്യചാരുതയിൽ
പൂത്തുനിൽക്കും പ്രകൃതി
നവ്യസുന്ദരകോമളമീ പ്രകൃതി

എത്ര വർണ്ണിച്ചാലും മതിയാവില്ല
എത്ര പുകഴ്ത്തിയാലും കൊതിതീരില്ല
ദൈവംതന്ന മഹാദാനമീ പ്രകൃതി
മനുജനുലദിച്ച ദാനമേയിവൾ
സ്നേഹത്തിൻ നിറപുഷ്പമേയിവൾ
സൗന്ദര്യമകുടം ചാർത്തിയദേവതയീ പ്രകൃതി

പച്ചവിരിച്ചുനിൽക്കും നെൽപാടങ്ങളും
ചുവനുതുടുത്തുനിൽക്കും റോഡുകളും
നിരയായി നിൽക്കുംപച്ചമരങ്ങളും
പ്രകൃതിതൻറെ സമ്മാനങ്ങളലോ
ഹാ! എത്ര സുന്ദരമീ പ്രകൃതി
ഹാ! എത്ര മനോഹരമീ പ്രകൃതി

Sneha PP

## പഴഞ്ചൊല്ലുകൾ

- അകലത്തെ ബന്ധുവിനേക്കാൾ അരികത്തെ ശത്രു നല്ലത്.
- അങ്ങാടിപ്പയ് ആലയിൽ നിൽക്കില്ല.
- അച്ഛൻ ആനപ്പുറം കയറിയാൽ മകന് തഴമ്പുണ്ടാകുമോ.
- അച്ഛനിചിച്ചതും വൈദ്യൻ കല്പിച്ചതും പാൽ.
- അച്ചിക്ക് കൊഞ്ചുപക്ഷം നായർക്ക് ഇഞ്ചി പക്ഷം.
- ആന മെലിനാൽ തൊഴുത്തിൽ കെട്ടുമോ?
- ആരാന്റെ അമ്മക്ക് ഭ്രാന്തു പിടിച്ചാൽ കാണാൻ നല്ല രസം.
- ആലിൻ കായ് പഴുത്തപ്പോൾ കാക്കയ്ക്ക് വായ്പ്പുണ്ണ്.
- ആവശ്യമാണ് സൃഷ്ടിയുടെ മാതാവ്.

Ashwin KJ


Krishnadas

**<u>മഴ . . . .</u>**

ഹായ് . . . രാത്രിമഴ . . . . .

എത്ര സുന്ദരം, എത്ര മനോഹരം...

എത്ര നാളായി ഞാൻ കൊതിക്കുന്നു

നിന്റെ വരവിനായ് ഞാൻ കാത്തിരിക്കുന്നു

എന്നിട്ടും വരാത്തതെന്തേ നീ . . .

എവിടെയോ പോയി മറയുകയാണോ നീ...

ഇന്നു വരും - നാളെ വരും

ഓർത്തോർത്തിരുന്നു പോയി ഞാൻ.....

സ്വപ്നമായി മനസ്സിൽ തിരയടിക്കുന്നപോലെ

താളമായി . . രാഗമായി . . ഈണമായി

ഹായ്... രാത്രിമഴ

എത്ര സുന്ദരം, എത്ര മനോഹരം !!

Adheena Rose

## <u>ഞാനൊരു പൊന്മാനാണ്.</u>

ശരിയായ പേരുകേട്ടാൽ നിങ്ങൾ ചിരിക്കും. മീൻ കൊത്തിച്ചാത്തൻ! ഞാൻ മീനിനെ കൊത്തിയെടുത്തു തിന്നാൻ മിടുക്കൻ തന്നെ. എന്നു വെച്ച് മീൻ ഇല്ലെങ്കിൽ പട്ടിണിയാകുന്നില്ല. വെള്ളമില്ലാത്തിടത്തും ഞാൻ ജീവിക്കും.പുൽച്ചാടി, ഗൗളി, ഓന്ത് ,പാമ്പിൻ കുഞ്ഞ് .... ഇത്തരം ചെറിയ ജന്തുക്കളെയൊക്കെ ഞാൻ കൊത്തി ശാപ്പിടും.ശ്.. ശ്.. ശ്.. കുറച്ചു നേരം നമുക്ക് വർത്തമാനം പറയേണ്ട. കുട്ടി എന്നെ നോക്കി ആസ്വദിക്കൂ. എന്റെ ശരീരത്തിന്റെ മുകൾഭാഗത്തെ നീല നിറം കണ്ട് രസിച്ചോളൂ. ഞാൻ ഇടയ്ക്ക് തലയും കഴുത്തും പൊക്കുന്നതും താഴ്ത്തുന്നതും കാണുമ്പോൾ എന്തൊരു ഭംഗി. അല്ലേ? എനിക്കു പാടാനും അറിയാം



Krishnadas

# കുറുക്കൻ

ഒരു ദിവസം ഒരു കുറുക്കൻ കാട്ടിൽ കൂടി നടക്കുക ആയിരുന്നു. അവൻ ഇങ്ങനെ ഭക്ഷണം അനേഷിച്ചു നടക്കുമ്പോൾ ആണ്, ഒരു സുന്ദരി ആയ കാക്ക നല്ല സ്വാദ് ഉള്ള വെണ്ണ തന്റെ മനോഹരമായ ചുണ്ടിൽ വച് കഴിക്കുക ആയിരുന്നു. കാക്കയുടെ കയ്യിൽ നിന്നും അത് എങ്ങനെ എങ്കിലും വാങ്ങിക്കണം. അപ്പോഴാണ് കുറുക്കന് ഒരു ബുദ്ധി തോന്നിയത്..

അവൻ വേഗം തന്നെ കാക്കയോട് ചോദിച്ചു.. നിന്റെ എന്ത് നല്ല പാട്ടാണ്.... എനിക്ക് വേണ്ടി കാക്കച്ചി ഒരു നല്ല പാട്ട് പാടമോ? വിഡ്ഢി ആയ കാക്ക ഒരു പാട്ട് പാടാൻ തുടങ്ങിയപ്പോൾ അവളുടെ ചുണ്ടിൽ ഉണ്ടായിരുന്ന വെണ്ണ താഴെ പോയി.. അത് കിട്ടിയപ്പോൾ തന്നെ കുറുക്കൻ ഓടി രക്ഷപെട്ടു. കാക്കച്ചിക്ക് വലിയ സങ്കടം തോന്നി......
നല്ലവരെ മാത്രം വിശ്വസിക്കുക അല്ലെങ്കിൽ അവർ നമ്മളെ വഞ്ചിക്കും..

Emil Johnson



## ഞാനും അവനും

എന്റെയാന കൊമ്പനാന

അവന്റെയാന കുഴിയാന

എന്റെ കുതിര പടക്കുതിര

അവന്റെ കുതിര പച്ചക്കുതിര

എന്റെ കാതിൽ തനിപ്പൊന്ന്

അവന്റെ കാതിൽ കാക്കപ്പൊന്ന്

എന്റെയെഴുത്ത് കയ്യെഴുത്ത്

അതിനെന്താ,വനും ഞാനുമൊരു

കോപ്പയിൽനിന്നാ കാപ്പികുടി.

Amal Jith

## അമ്മ

സ്നേഹവും ത്യാഗവും

ഒന്നിച്ചു ചേർന്നോരു

കാരുണ്യ പാൽക്കടലാണമ്മ

പാരിതിലെങ്ങും പ്രകാശം പരത്തുന

വാത്സല്യ പൊൻ വിളക്കമ്മ

താരാട്ടുപാടുന്നോരമ്മ

: എന്റെ വീടിന്റെ പൊൻ വിളക്കാണമ്മ

എൻ മനസ്സിന്റെ മണിവിളക്കാണമ്മ.

Adhiya Biju

## മിന്നാമിനുങ്ങും തത്തമ്മയും

തത്തമ്മയും കുഞ്ഞുങ്ങൾക്ക് ഭക്ഷണവുമായി മടങ്ങുമ്പോൾ നേരം ഇരുട്ടിൽ. എന്ത് ചെയ്യണമെന്നറിയാതെ ഒരു മരക്കൊമ്പിലിരു, കരയാൻ തുടങ്ങി അതു വഴി വന്ന മിന്നാമിനുങ്ങ് കാരണം തിരക്കി. തത്തമ്മയും പറഞ്ഞു "എന്റെ കുഞ്ഞുങ്ങൾ എന്നെ കാണാതെ വിശന്നു കരുതുന്നുണ്ടാകും" ഇത് കേട്ട് മിന്നാമിനുങ്ങിന് സകടമായി അ വൾ പറഞ്ഞു"ഇരുട്ടിൽ പ്രകാശിക്കാൻ ദൈവം എനിക്ക് ഒരു പ്രത്യേക കഴിവ് തന്നിട്ടുണ്ട് .ഞാൻ നിൻറ്റെ തലയ്ക്ക് മീതെ ഇരിക്കാം നീ എൻറ്റെ വെളിച്ചത്തിൽ നിൻറ്റെ ദിക്ക് നോക്കി പറക്കുക".അങ്ങനെ അവർ തത്തമയുടെ കൂട്ടിലെത്തി വിശന്നിരിക്കുന്ന കുഞ്ഞുങ്ങൾക്ക് ഭക്ഷണം നൽകി. ഇത് കണ്ട മിന്നാമിനുങ്ങ് സന്തോഷം അടക്കാൻ കഴിഞ്ഞില്ല.

Alphin Varghese

**<u>മരം</u>**

കാട്ടിലെ കിളികൾക്കും മരം വേണം
നാട്ടിലെ മനുഷ്യർക്കും മരം വേണം
ഭൂമിക്ക് തണലായ് മരം വേണം
മഴപെയ്യാനുമരം വേണം
തണുപ്പേകാനും മരം വേണം
ഫലം നൽകാൻ മരം വേണം
വിടുപണിയാനും മരംവേണം
പച്ചപ്പൂനൽകാനും മരം വേണം
മരമിലെക്ൽ നാമൂ ണ്ടോ
കളിരേകുന്നൊരു ജീവിതമുണ്ടോ.

Siya Bose


നന്ദി